# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

പുറപ്പെടുവിക്കുന്നത് : ജി. ഹരികുമാർ

വിഷയം : വനംവകുപ്പ് - സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി സീനിയർ സൂപ്രണ്ടിനെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എസ്.എ & എൻ.ഒ.) യുടെ നമ്പർ FCS -1499/2012 തീയതി 10.09.2012 ലെ നോട്ട്.
2 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർ -വേറ്റർ (ഭരണം) ടെ നമ്പർ ഡി2-19127/12 തീയതി 26.09.2012 ലെ നോട്ട്
3 ഉത്തരവ് നമ്പർ ആർ.ഐ.20526/10 തീയതി 16.05.2012.

## ഉത്തരവ് നമ്പർ ആർ.ഐ. 21012/2012 തീയതി 03.10.2012.

സൂചന (3) ഉത്തരവു പ്രകാരം വനംവകുപ്പിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി നിയമിച്ചിരുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. സി. രാജേന്ദ്രൻ സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്തു പോകുകയുണ്ടായി. ഭരണപരമായ സൗകര്യം കണക്കിലെടുത്ത് അദ്ദേഹം വഹിച്ചുകൊണ്ടിരുന്ന മേൽ പറഞ്ഞ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല ഇപ്പോൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ ഓഫീസിലെ സീനിയർ സൂപ്രണ്ടിന് നൽകണമെന്ന് സൂചന പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ശുപാർശ ചെയ്തിരുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ പ്രസ്തുത ശുപാർശ വിശദമായി പരിശോധിച്ചതിനാൽ ഭരണപരമായ സൗകര്യത്തിന് ശുപാർശയിൽ പറയുന്ന നിയമനം അനിവാര്യമാണ് എന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയിലുണ്ടായിരുന്ന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.സി. രാജേന്ദ്രനെ SPIO യുടെ ചുമതലയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ ഓഫീസിലെ സീനിയർ സൂപ്രണ്ടിനെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) ടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി നിയമിച്ചുകൊണ്ടും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

ജി. ഹരികുമാർ
അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം

പകർപ്പ്:

1) സീനിയർ സൂപ്രണ്ട് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ)
2) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ)
3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്.) ക്ക്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
4) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്)
5) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ
6) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക്
7) സ്റ്റോക്ക് ഫയൽ